

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വക്കം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP.8/476/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വക്കം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP.8/476/2022 തീയ്യതി: 26/05/2022

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ.കെ	ഡെപ്യൂട്ടി ഡയറക്ടർ	07-03-2022	19-03-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-03-2022	19-03-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. വേണുജി.എസ്	പ്രസിഡന്റ്	01-04-2020	11-11-2020

ശ്രീമതി എ.താജുനിസ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീമതി ആർ.അനിത	സെക്രട്ടറി	01-04-2020	30-04-2020
ശ്രീമതി ശാന്തി.എൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-05-2020	31-05-2020
ശ്രീമതി ആർ.അനിത	സെക്രട്ടറി	01-06-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശാന്തി.എൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി അനുചിത്ര	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീമതി മുംതാസ്.എം	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീമതി ബിന്ദു,ജെ.എസ്,	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീ, ജയറാം.എസ്.	ഹെഡ്മാസ്റ്റർ	01-04-2020	31-03-2021
ശ്രീ, പ്രഭുലാൽ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021
ഡോ.രശ്മി.ടി.എസ്	വെറ്ററിനറി സർജൻ	01-04-2020	07-07-2020
ഡോ. കൃഷ്ണകുമാർ	വെറ്ററിനറി സർജൻ	08-07-2020	17-02-2021
ഡോ. സൂര്യ രാജേന്ദ്രൻ	വെറ്ററിനറി സർജൻ	18-02-2021	31-03-2021
ഡോ. സിജു.എൻ.എസ്	മെഡിക്കൽ ഓഫീസർ,ആർ.എച്ച്.സി.	01-04-2020	31-03-2021
ഡോ. സജി.പി.ആർ	മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-04-2020	31-03-2021
ഡോ.ആശാ ശ്രീനിവാസൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2020	31-03-2021
ശ്രീ. ഹരികുമാർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	23-02-2021
ശ്രീമതി സുജ.ബി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	24-02-2021	31-03-2021

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റി ഭരണം

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	ഗ്രാന്റ് വിനിയോഗം	1-3
4	പദ്ധതി അവലോകനം	1-4
5	സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.	1-5-1
6	സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി-നടപടിക്രമങ്ങൾ പൂർത്തായാക്കി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം.	1-5-2
7	ക്ഷേമപദ്ധതികൾ	1-5
8	ക്യാഷ് ബാലൻസ്	1-6
9	ആഭ്യന്തരനിയന്ത്രണം	1-7
10	തൊഴിലുറപ്പ് പദ്ധതി	1-8
11	വസ്തു നികുതി	1-9
12	തൊഴിൽ നികുതി അപാകതകൾ	1-10
13	സർക്കാർ ഉത്തരവ് പാലിക്കാതെ വാടകയിൽ ഇളവ് നൽകി.	1-11
14	ഡി & ഒ അപാകതകൾ	1-12
15	ബിൽഡിംഗ് പെർമിറ്റ് അപാകതകൾ	1-13
16	ഇ -ടെണ്ടർ ഫോറം വില – ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്.	1-14
17	പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൽ പാലിക്കേണ്ടതാണ്.	1-15
18	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്ടുകൾ നടപ്പാക്കിയില്ല.	1-16
19	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.	1-17
20	ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.	1-18
21	പഞ്ചായത്ത് ഓഫീസിലേയും ഘടകസ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ എ എം സി പുതുക്കൽ - കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നില്ല.	1-19
22	തെരുവുവിളക്ക് അറ്റകുറ്റപണി ലേബർചാർജ്ജ്, സാധനങ്ങൾ വാങ്ങൽ പദ്ധതി - കരാറുകാരന്റെ യോഗ്യത തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.	1-20
23	തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് പുതിയ ലൈൻ സ്ഥാപിക്കൽ -പദ്ധതി മോണിറ്റർ ചെയ്യപ്പെടുന്നില്ല.	1-21
24	അനുപൂരക പോഷകാഹാര വിതരണ പദ്ധതി -ന്യൂട്രിമിക്സിന്റെ ലാബ് പരിശോധന കാര്യക്ഷമമാക്കണം.	1-22
25	മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് വിവരം ലഭ്യമാക്കിയില്ല-2,10,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-23
26	കരാറിൽ ഏർപ്പെടാതെ കെ എസ് ഇ ബി-ക്കും വാട്ടർ അതോറിറ്റിക്കും തുക നൽകിയിരിക്കുന്നു.	1-24
27	കുടിവെള്ള ചാർജ്ജ് അടവാക്കൽ പദ്ധതി-സംയുക്ത പരിശോധന നടത്തിയിട്ടില്ല.	1-25
28	ഓഫീസ് വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.	1-26
29	വാഹന പരിപാലനം - മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.	1-27
30	പാഥേയം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 144000/-രൂപ തടസ്സപ്പെടുത്തുന്നു.	1-28

31	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ.	1-29
32	മരാമത്ത് പ്രവൃത്തികൾ- പാർട്ട് ബില്ലുകളിൽ നിന്നും റിടെൻഷൻ -തുക കുറവു ചെയ്തില്ല.	1-30
33	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു.	1-31
34	ഓഡിറ്റ് ഇംപാക്ട്-ടെണ്ടർ കിഴിവ് തുക ബില്ലിൽ നിന്നും കുറവു ചെയ്തില്ല. ഓഡിറ്റ് നിർദ്ദേശാനുസരണം തുക ഒടുക്കു വരുത്തി.	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.03.2020 തീയതിയിലെ I/2-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 08.02.2021 തീയതിയിലെ 1/1 ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. യഥാർത്ഥ ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 16,40,03,300/- രൂപ വരവും 16,32,66,000/-രൂപ ചെലവും നീക്കിയിരിപ്പ് 44,38,994/- രൂപയുമാണ്.

1. 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	സമയം	ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ)
1	നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ	2019 ഡിസംബർ 15-ന് മുൻപ്	13.12.2019
2	നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ	2020 ജനുവരി 15-ന് മുൻപ്	31.12.2019
3	ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ	2020 ജനുവരി 25-ന് മുൻപ്	31.01.2020
4	ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രപ്പോസൽ വയ്ക്കൽ, ക്രോഡീകരണം	2020 ഫെബ്രുവരി 1-ന് മുൻപ്	12.02.2020
5	ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം	2020 ഫെബ്രുവരി 28-ന് മുൻപ്	
6	ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികൂടി ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ	2020 മാർച്ച് 1-ന് മുൻപ്	19.02.2020
7	കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ	2020 മാർച്ച് 7-ന് മുൻപ്	12.03.2020
8	അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ	2020 മാർച്ച് 31-ന് മുൻപ്	12.03.2020

2. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല:-

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1)ബജറ്റ് പ്രസംഗം

2)ബജറ്റ് കുറിപ്പുകൾ

3)പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ ഉൾപ്പെട്ട ബജറ്റുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്കായി ഹാജരാക്കിയില്ല .

3. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാനുവലിൽ വ്യക്തമാക്കിയ പട്ടികകൾ [Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാനുവൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാനുവൽ ഖണ്ഡിക 4-4(iii)]. മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചു.(ഓ എ നം. 37/2020-21 18.03.22).

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാനുവൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. വക്കം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാനുവൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം നടത്തിയിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചു.(ഓ എ നം. 37/2020-21 18.03.22).

4. പഞ്ചായത്ത്രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിൽ അധികമായും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). വക്കം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.

5. 2020-21 വർഷത്തെ പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ.

1) ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം.

ക്രമ നം	ഹെഡ്ഡ് ഓഫ് അക്കൌണ്ട്	ഇനം	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക	വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക
1	2501040	മൃഗസംരക്ഷണം - രോഗ നിയന്ത്രണം	155000	-
2	2501041	മൃഗസംരക്ഷണം-അനുബന്ധ സൗകര്യങ്ങൾ	51000	-
3	2501049	ശുദ്ധജല മത്സ്യകൃഷി	369000	-
4	2501050	ഓരുജല മത്സ്യകൃഷി	690000	-
5	2502001	മണ്ണ് ജല സംരക്ഷണം	70000	-
6	2511002	പ്രൈമറി വിദ്യാഭ്യാസം	90000	-
7	2511006	സർവ്വ ശിക്ഷാ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും	100000	-

8	2511011	അനൗപചാരിക വിദ്യാഭ്യാസം	50000	

2) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

ക്രമ നം	ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	ബജറ്റ് പ്രകാരമുള്ള തുക	എ.എഫ്.എസ് പ്രകാരമുള്ള തുക
1	1101001	വസ്തു നികുതി	2600000	1124380
2	1301001	സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക	300000	265572

1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട അവസാന തീയതി	ലഭിച്ച തീയതി
31.7.2021	28.6.2021

അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി യുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 64,975/- രൂപയും B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 24,640/- രൂപയുമാണ്. കൂടാതെ പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് 25,979/- രൂപയാണ്. പ്രസ്തുത വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കിയില്ല.

3. 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2020-21 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	നീക്കിയിരിപ്പ് തുക
1	320200104	Development Fund-Central Finance Commission	1132125
2	320200309	Literacy Scheme Grant	47638
3	320200323	Grant For Keralolsavam	20000

പ്രസ്തുത തുകകൾ ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം, പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശം, പ്രസ്തുത തുകകൾ വർഷങ്ങളായി ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനുമുള്ള കാരണം എന്നിവ ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല.

4. 2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	നീക്കിയിരിപ്പ് തുക
1	320100115	Centrally Sponsored Scheme - Total Sanitation Campaign	500000
2	320200121	Centrally Sponsored Scheme – Integrated Child Development Scheme (ICDS)	128343
3	320200101	Development Fund – General - Capital	840000
4	320200322	Grants From Suchitwa Mission	1093358
5	320500101	Grants, Funds &Contributions For Specific Purposes – Welfare Bodies – Capital	392319
6	320700204	Contributions For Joint Venture Projects For Revenue Expenditure- From Block Panchayats	679334

7	320700205	Contributions For Joint Venture Projects For Revenue Expenditure- From District Panchayats	3620

പ്രസ്തുത തുകകൾ ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ട്, പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട പദ്ധതികൾ, പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിന് കാരണം എന്നിവ പരിശോധനയ്ക്ക് നൽകിയില്ല.

5. 2020-21 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ ഗുണഭോക്ത്യ വിഹിതം ഇനത്തിൽ 5026/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത തുകയുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശം. മേൽ തുക നീക്കിയിരിപ്പ് വന്നതിന്റെ കാരണം എന്നിവ ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖാന്തിരം ആവശ്യപ്പെട്ടതിന് ഗുണഭോക്ത്യ വിഹിതം സംബന്ധിച്ച വിവരം കാലികമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്ന് മറുപടി നൽകിയെങ്കിലും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയില്ല.

6. (I) 2019-20 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് (B-7), രസീത് & പേയ്മെന്റ് പത്രിക RP-34(വരവ്), RP-34(ചെലവ്), 2020-21 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് (B-7), എന്നീ ഷെഡ്യൂളുകൾ പ്രകാരം പരിശോധിച്ചതിൽ നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ് (വാർഷിക ധനകാര്യപത്രിക പ്രകാരം)
Bidders' E M D	31397	54790	0	75687

(II) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇലക്ഷൻ ഡെപ്പോസിറ്റിന്റെ വരവ് മാത്രമേ 20-21 വർഷം രേഖപ്പെടുത്തിയിട്ടുള്ളൂ. അതിനാൽ വാർഷിക ധനകാര്യ പത്രികയിൽ പ്രതിപാദിച്ചിട്ടുള്ള ഡെപ്പോസിറ്റുകളുടെ വരവ് ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. RP-34(വരവ്), RP-34(ചെലവ്) എന്നിവ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

(III) Rent Deposit, Water Deposit, Other Deposits Revenue, Deposit Received From Others എന്നീ ഇനങ്ങളിൽ B-7 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള തുക 2019-20 വർഷത്തിലും നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിനുമേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. മേൽ ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടതാണോയെന്ന് പരിശോധിച്ച് അവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

7. (I) B-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

Government And Other Dues Payable-Library Cess	254037.60
Government And Other Dues Payable-VAT	37308
Flood Cess	884
Other Liabilities	5000

(II) 2019-20 ബാലൻസ് ഷീറ്റ് പ്രകാരം റിക്കവറി ഇനത്തിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ 2020-21 വർഷവും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശം ചുവടെ.

ക്രമ നമ്പർ	ഹെഡ് ഓഫ് അക്കൌണ്ട്	ഇനം	തുക
1	350300103	Government And Other Dues Payable (Value Added Tax)	37308
2	350200202	Recoveries Payable- Value Added Tax	152

മേൽ അപാകത സംബന്ധിച്ച് 2019-20 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്.

8. ഗ്രാമപഞ്ചായത്തിലെ Fixed Asset-കളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ 2019-20 വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകത സംബന്ധിച്ച് 2019-20 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്.

9. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ചുവടെ ചേർക്കുന്ന ചെലവുകൾ 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ആയത് 2020-21 വർഷത്തെ എ.എഫ്.എസിലെ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം	ഇനം	തുക	വൗച്ചർ നം / തീയതി
1	ജനപ്രതിനിധികൾക്കുള്ള ഓണറേറിയം/സിറ്റിംഗ് ഫീസ്	123300/-	2210004/01.04.21
2	വഴിവിളക്കുകളുടെ വൈദ്യുതി ബിൽ	40282/-	22100014/08.04.21
3	സാക്ഷരതാ പ്രേരക്കിന്റെ ഓണറേറിയം 02/21	8800/-	22100026/16.04.21

10. 2019-20 B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ 2020-21 വർഷവും നീക്കിയിരിപ്പായി അവശേഷിക്കുന്നു. പ്രസ്തുത മുൻകൂറുകൾ ചെലവഴിക്കാനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ.

ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	2018-19 B-18 പ്രകാരം നീക്കിയിരിപ്പ്	2019-20 B-18 പ്രകാരം നീക്കിയിരിപ്പ്
460500206	Advance To Implementing Agencies -Deposit With ANERT	11,90,000	11,90,000
460500501	Advance To Implementing Officers	254904	254904
460509901	Advance To Others	189850	189850

11. ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ട ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

I)നൽകി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ല.

ക്രമ നം	ബാങ്കിന്റെ പേര്/ അക്കൗണ്ട് നം	വൗച്ചർനം/ തീയതി	ചെക്ക് നം / തീയതി	തുക
1	SBI Vakkom 57017602007	22000683/24.11.20	73129/23.11.2020	239/-
2		21900916/14.01.2020	950557/13.01.2020	4747/-
		21900917/14.01.2020	950557/13.01.2020	4747/-

Ii) ചെക്ക് നിക്ഷേപിച്ചു ബാങ്കിൽ ക്രെഡിറ്റായില്ല. പ്രസ്തുത തുകകൾ പണമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം	ബാങ്കിന്റെ പേര്/ അക്കൗണ്ട് നം	വൗച്ചർനം/തീയതി	ചെക്ക് നം / തീയതി	തുക
1	SBI Vakkom 57017602007	119010400001/20.08.19	006571/14.08.2019	1750/-
2		120010500006/23.04.2020	889831/23.04.2020	4000/-

12. 2020-21 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതത്തിന്റെ നീക്കിയിരിപ്പിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ്ഡ് കോഡ്	ഇനം	മുന്നിരിപ്പ് 2019-20 (B 4 ഷെഡ്യൂൾപ്രകാരം)	വരവ്	ആകെ	ചെലവ് (ചെലവ് പത്രിക പ്രകാരം)	നീക്കിയിരിപ്പ് (B4 ഷെഡ്യൂൾപ്രകാരം)
320700205	Joint Venture - Revenue Expenditure -District Panchayath	189887	1021341 (RP7)	1211228	1154267	56961* (Actual) 3620*(As Per A F S)

13. സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ 2892/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ലെഡ്ജർ പരിശോധിച്ചതിൽ സാംഖ്യ രസീത് വാങ്ങിയ തുകയാണ്. വർഷാന്ത്യത്തിൽ സാംഖ്യ രസീത് മാത്രമാണോ സ്റ്റോക്ക് ആയി അവശേഷിച്ചത് എന്ന് വ്യക്തമല്ല.

14. വാർഷിക ധനകാര്യ പത്രിക B-11 (A) ഷെഡ്യൂൾ പ്രകാരം Capital Work In Progress 00 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എ.ഇ നിർവ്വഹണം നടത്തിയ ആറ് പ്രോജക്ടുകളിൽ Part Payment ആണ്

നടത്തിയിട്ടുള്ളത്. Capital Work In Progress സംബന്ധിച്ച് എ.ഇ-യുടെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

15. I-18 Schedule പ്രകാരം Residential Building ഇനത്തിൽ 14947/-രൂപയും Non-Residential Building ഇനത്തിൽ 15027/-രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് കാരണം, ആയതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുള്ളതിനാലാണ് പ്രസ്തുത തുകകൾ ഒഴിവാക്കിയത് എന്ന് മറുപടി ലഭിച്ചു.

16. ബാങ്ക് ബുക്ക്, ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

17. KURDFC ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു. ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ തിരിച്ചടവു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
4681766	250533	4932299	571020	4361279

സുലേഖ പത്രിക പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകളിലായി 571020/-രൂപയുടെ ചെലവ് ലോൺ തിരിച്ചടവ് വരുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ തൻവർഷം ലഭിച്ച 250533/- തുകയാണ് ചെലവായി RP-45 Pre Paid Expenses ഇനത്തിൽ ചേർത്തിട്ടുള്ളത്.

18. ഡെയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ രണ്ട് പ്രോജക്ടുകളുടെ വിശദാംശം സുലേഖാ പത്രികയിൽ ലഭ്യമാണ്. എന്നാൽ ബിൽബുക്ക് പരിശോധിച്ചതിൽ Vkm GP-01/2020-21 പ്രകാരം ക്ഷീരസമൃദ്ധി വനിത പ്രോജക്ട് നമ്പർ 102/20 53341/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടിന്റെ വിശദാംശം സുലേഖ പത്രികയിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 12, 32/2020-21 ന്) ലഭിച്ച മറുപടികൾ പരിഗണിച്ചതിനു ശേഷം അവശേഷിക്കുന്ന പരാമർശങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)	0	8956118	8956118	10208482*	-1252364
വികസനഫണ്ട്(എസ്.സി.പി)	0	4247412	4247412	3857885**	389527
വികസനഫണ്ട് (ടി.എസ്.പി)	0	0	0	0	0
CFC(tied)	0	3970000	3970000	2096391	1873609
CFC(untied)	0	7346873	7346873	5509378	1837495
Maintenance Fund(nonroad)	0	3456680	3456680	3456680	0
Maintenance Fund(road)	0	9203000	9203000	8407595	795405
CSS@	0	0	0	1513712	-1513712
SSS@	0	0	0	600000	-600000

* എ സി ആർ പ്രകാരം 8951850/-

** എ സി ആർ പ്രകാരം 3711297/-

@ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാന്റ് വിനിയോഗം -മറ്റ് അപാകതകൾ

1. വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2019-20 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. വിശദാംശം ചുവടെ.

ഹെഡ്ഡ് കോഡ്	തുക
320100115 (Total Sanitation Program)	500000
320200104 (Central Financial Commission Grant)	1132125
320200309 (Literacy Scheme Grant)	47638
320700323 (Grant For Keralolsavam)	20000

മേൽ തുകകൾ വിനിയോഗിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻകയറി മുഖേന ആവശ്യപ്പെട്ടതിന് തുകകൾ തുടർന്നുള്ള വർഷങ്ങളിൽ വിനിയോഗിക്കുന്നുണ്ടെന്നും കൂടാതെ കേരളോത്സവം തുക തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു. (എൻകയറി നമ്പർ 42/2020-21, 18.03.22)

2. സ.ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29.1.2018 ഖണ്ഡിക 5.2.6. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം പദ്ധതി. പ്രസ്തുത പദ്ധതിയ്ക്കായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 95 (അടങ്കൽ തുക 300000) പ്രോജക്ട്നം.119 (അടങ്കൽ തുക 200000) ആയി ആകെ 500000/-രൂപ വകയിരുത്തിയിരുന്നുവെങ്കിലും രണ്ടു പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല. അനിവാര്യ വകയിരുത്തലിനായി പ്രോജക്ട് വയ്ക്കുകയും എന്നാൽ അത് നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടി ക്രമമല്ല.

3. സ.ഉ (കൈ) നം.11/2018/തസ്വഭവ തീയതി 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. പ്രോജക്ട് നം. 24, 68, 84, 210 എന്നീ പ്രോജക്ടുകളിലായി ആകെ 873820/-രൂപ വകയിരുത്തിയിട്ടുണ്ട്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 582820/-ആണ്. ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 468370/-രൂപ മാത്രമാണ്.

1-4 പദ്ധതി അവലോകനം

2020-21 ൽ വക്കം ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത്(എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
182	93893768	120	39923371	6	60	65.93%

2019-20-ൽ പദ്ധതി അടങ്കൽ തുക വകയിരുത്തിയതിന്റെ 42.52% മാത്രമാണ് ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാനായത്.

വെറ്ററനറി സർജൻ 13 പദ്ധതികൾ നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 3 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. ആകെ 2844000/-രൂപ വകയിരുത്തിയതിൽ 183000/- രൂപ മാത്രമാണ് ചെലവഴിക്കാനായത്.

എച്ച്.എം. ഗവ.സ്കൂൾ 10 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 2 സ്പിൽ ഓവർ പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ 2 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും ഒരു പ്രോജക്ട് പോലും നടപ്പാക്കിയില്ല.

വി.ഇ.ഒ. അംഗീകാരം ലഭ്യമാക്കിയ 23 പ്രോജക്ടുകളിൽ 15 എണ്ണം നടപ്പാക്കിയെങ്കിലും വകയിരുത്തിയ 40386916/-രൂപയിൽ 7585680/-രൂപ മാത്രമാണ് ചെലവഴിക്കാനായത് (ചെലവു ശതമാനം 18.78%).

പ്രോജക്ടുകൾ സമയബന്ധിതമായും ജനോപകാരപ്രദമായും നടപ്പിലാക്കുന്നതിലും ലഭ്യമാകുന്ന പദ്ധതിവിഹിതം പൂർണമായി ഉപയോഗിക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ പെൻഷൻ ഐ.ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പേര്	പെൻഷൻ ഐ ഡി	പെൻഷൻ തരം	മരണപ്പെട്ട തീയതി	നിലവിലെ സ്റ്റാറ്റസ്	അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം	അധികം നൽകിയ തുക
സുന്ദരേശൻ	102420202114	വാർദ്ധക്യ കാലം	4.4.20	സസ്പെൻഡ്	05/20 മുതൽ 9/20 വരെ 600×5=3000	3000
ബാബു	102420201296	വാർദ്ധക്യ കാലം	6.4.20	സസ്പെൻഡ്	05/20 മുതൽ 08/20 വരെ 1300×4=5200 09/20=1400	6600

കൌസല്യ	102420202584	വാർദ്ധക്യ കാലം (75+)	26.5.20	സസ്പെൻഡ്	06/20 മുതൽ 09/20 വരെ 1500×4=6000	6000
നൂർജഹാൻ	102420200670	വാർദ്ധക്യ കാലം	5.6.20	സസ്പെൻഡ്	07/20 മുതൽ 09/20 വരെ 1500×3=4500	4500
ഗോപിനാഥൻ നായർ	102420202448	വാർദ്ധക്യ കാലം	12.5.20	സസ്പെൻഡ്	06/20 മുതൽ 08/20 വരെ 1300×3=3900 09/20=1400	5300
അബ്ദുൾവഹാബ്	102420202008	വാർദ്ധക്യ കാലം	25.7.20	സസ്പെൻഡ്	08/20=1300 09/20=1400	2700
ഗോപാലൻ	102420200091	വാർദ്ധക്യ കാലം	26.6.20	സസ്പെൻഡ്	07/20 മുതൽ 09/20 വരെ 1500×3=4500	4500
തുളസീധരൻ	102420200544	വാർദ്ധക്യ കാലം	28.7.20	സസ്പെൻഡ്	08/20=1300 09/20=1400	2700
രവി	102420200334	വാർദ്ധക്യ കാലം	7.10.20	ആക്ടീവ്	11/20 മുതൽ 12/20 വരെ 600×2=1200 01/21 മുതൽ 03/21 വരെ 1500×3=4500 04/21 മുതൽ 02/2022 വരെ 1600×11=17600	23300
തങ്കമ്മ	102420201328	വാർദ്ധക്യ കാലം	30.10.20	ആക്ടീവ്	12/20 മുതൽ 01/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. 02/2022=600	600
സുഗുണൻ	102420200881	വാർദ്ധക്യ കാലം	28.10.20	ആക്ടീവ്	11/20 മുതൽ 12/20 വരെ 1400×2=2800 01/21 മുതൽ 03/21 വരെ 1500×3=4500 04/21 മുതൽ 02/2022 വരെ 1600×11=17600	24900
അരുന്ധതി	102420202197	വാർദ്ധക്യ കാലം	5.11.20	സസ്പെൻഡ്	12/20മുതൽ 04/21വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. 05/21 മുതൽ 10/2021 വരെ 600×6=3600	3600
അബ്ദുൾഅസീസ്	102420200727	വാർദ്ധക്യ കാലം	29.11.20	ആക്ടീവ്	12/20-1400 01/21 മുതൽ 3/2021 വരെ 1500×3=4500 04/21 മുതൽ 2/2022 വരെ 1600×11=17600	23500
വിജയമ്മ	102420202326	വാർദ്ധക്യ കാലം	23.11.20	ആക്ടീവ്	12/20 മുതൽ 3/2021 വരെ 1500×4=6000 4/21 മുതൽ 2/2022 വരെ 1600×11-17600	23600

റഹീന	102420200980	വാർദ്ധക്യ കാലം	19.12.20	സസ്പെൻഡ്	01/21 മുതൽ 4/2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. 05/21 മുതൽ 09/2021 വരെ 1600×5=8000	8000
കൌസല്യ	102420600726	വിധവ പെൻഷൻ	12.1.21	സസ്പെൻഡ്	2/21 മുതൽ 3/2021 വരെ 1500×2=3000 4/21 മുതൽ 9/2021 വരെ 1600×6=9600	12600
സലിം	102420202153	വാർദ്ധക്യ കാലം	1.1.21	സസ്പെൻഡ്	2/21 മുതൽ 3/2021 വരെ 1500×2=3000 4/21 മുതൽ 9/2021 വരെ 1600×6=9600	12600
സത്യദാസ്	10420202389	വാർദ്ധക്യ കാലം	6.2.21	സസ്പെൻഡ്	3/21 മുതൽ 9/2021 വരെ 1600×7	11200
ബാബു	102420200643	വാർദ്ധക്യ കാലം	3.2.21	സസ്പെൻഡ്	3/21-1500 4/21 മുതൽ 5/2021 വരെ 1600×2=3200	4700
രാജമ്മ	102420200996	വാർദ്ധക്യ കാലം	23.2.21	സസ്പെൻഡ്	3/21 മുതൽ 4/2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല. 5/21 മുതൽ 9/21 വരെ 600×5=3000	3000
ശോഭന	102420201843	വാർദ്ധക്യ കാലം	6.3.21	സസ്പെൻഡ്	4/21 മുതൽ 9/21 വരെ 600×7=4200	4200
					ആകെ	**1,91,100/-**

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വക്കം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. വക്കം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട എന്നാൽ മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.18തീയതി 14.03.22-ന് മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.2020-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 1,91,100/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി-നടപടിക്രമങ്ങൾ പൂർത്തായാക്കി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം.

പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019-ലെ PAN/2021/2019-DBT1(DP) സർക്കുലർ പ്രകാരം പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
പെൻഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ അന്വേഷണത്തിനു നൽകുന്ന അപേക്ഷകൾ അന്വേഷണത്തിനു ശേഷം തിരികെ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി കാണുന്നു.
അപേക്ഷകർക്ക് സമയബന്ധിതമായി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വരുന്നതായി ബോദ്ധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഫ്രണ്ട് ഓഫീസിൽ അപേക്ഷ കൈപ്പറ്റിയ തീയതിയും നമ്പരും	പേര്	പെൻഷൻ തരം	അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണത്തിനായി കൈപ്പറ്റിയ തീയതി	അന്വേഷണത്തിനു ശേഷം അപേക്ഷ തിരികെ ലഭിച്ച തീയതി	ഡി ബി റ്റി സെല്ലിലേക്ക് അപ്പ് ലോഡ് ചെയ്ത തീയതി
1613/20/25.4.20	ലതിക	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	19.6.20	26.6.20
1787/20/11.5.20	ഷീജ	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	19.6.20	തുടർ നടപടികൾ രേഖപ്പെടുത്തിയിട്ടില്ല
2303/20/12.6.20	സുനിത	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	22.1.21	9.2.21
2972/20/10.8.20	രമ	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	8.10.20	6.1.21
3640/20/29.9.20	ബേബിഗിരിജ	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	8.10.20	6.1.21
595/21/19.1.21	സൌമ്യ	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	17.3.21	8.7.21
946/21/28.1.21	ഉഷാബേബി	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	09.4.21	18.6.21
1895/21/3.3.21	വിസ്മിത	വിധവ പെൻഷൻ	11.8.21	11.8.21	16.10.21
344/21/15.1.21	തുളസീധരൻ	വികലാംഗപെൻഷൻ	2.8.21	2.8.21	17.11.21
2337/21/25.3.21	അനിത	വികലാംഗപെൻഷൻ	2.8.21	2.8.21	12.10.21
2476/21/3.4.21	ജോയ്	വാർദ്ധക്യകാലപെൻഷൻ	13.9.21	13.9.21	17.11.21
2525/21/8.4.21	ഷാജഹാൻ	വാർദ്ധക്യകാലപെൻഷൻ	13.9.21	13.9.21	17.11.21

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നമ്പർ.44, തീയതി 18.03.22) കോവിഡ് കാരണമാണ് കാലതാമസം ഉണ്ടായതെന്നും
അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പെൻഷൻ അപേക്ഷകൾ കൃത്യമായി, സമയബന്ധിതമായി പരിശോധനയ്ക്ക് വിധേയമാക്കി അർഹതയുള്ളവർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	*ഇല്ല	-
കർഷകതൊഴിലാളി പെൻഷൻ	791800	312
വിധവാ പെൻഷൻ	13117300	4846
വാർദ്ധക്യകാല പെൻഷൻ	27382400	12222
വികലാംഗ പെൻഷൻ	3757900	1495
വിവാഹധനസഹായം	*ഇല്ല	-
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	520300	195

*അപേക്ഷകർ ഇല്ലായിരുന്നു.

1-6 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2022 തീയതിയിൽ 10.30AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,542/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ ചുവടെ പറയുന്ന വിഷയങ്ങളിൽ കുറച്ചുകൂടി ശ്രദ്ധ പുലർത്തേണ്ടതാണ്.

1)ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ഏറെക്കുറെ തൃപ്തികരമായി പ്രവർത്തിക്കുന്നു. ഫ്രണ്ട് ഓഫീസ് ഡയറി നിർദ്ദിഷ്ട മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടുന്നുണ്ട്. റിവ്യൂ മീറ്റിംഗുകൾ യഥാസമയം കൂടുന്നില്ല. ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.
2) ISO സർട്ടിഫിക്കറ്റിന്റെ കാലാവധി 14.02.2022-ൽ അവസാനിച്ചിട്ടുണ്ട് . ആയത് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.
3) ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
4)ഗ്രാന്റുകളുടെ പൂർണ്ണവും ഫലപ്രദവുമായ വിനിയോഗം നടത്തുന്നതിൽ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.
5)ലൈബ്രറി സെസ്, സെൻട്രൽ പെൻഷൻഫണ്ട്, ജി.എസ്.ടി. എന്നിവ യഥാസമയം അടവാക്കുന്നില്ല.
6) വസ്തുനികുതി കുടിശ്ശികയിനത്തിൽ തുക പിരിച്ചെടുക്കാനുണ്ട്. ആയത് സഞ്ചയ ഡാറ്റാബേസിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
7) തൊഴിൽ നികുതിയിനത്തിലും കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ഇക്കാര്യത്തിൽ ഭാവിയിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.
8) സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം പ്രൊകുയർമെന്റ് കമ്മിറ്റി പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
9) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.
10) ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

11) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.
12) അസി.എഞ്ചിനീയർ ഫയലുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.
13) വെറ്ററിനറി സർജൻ, എച്ച്.എം. എന്നിവർ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയില്ല. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ഒരു പ്രോജക്ട് പോലും നടപ്പാക്കിയില്ല. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

1-8 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ് (ഇൻസെന്റീവ് ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	1411.00	1216239	1217650	1217650	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	32767073	32767073	32767073	0
ആകെ	**1411.00**	**33983312**	**33984723**	**33984723**	**0**

2020-2021 സാമ്പത്തികവർഷത്തെ NREGS –ന്റെ പ്രവർത്തനം

2020-21 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം	2500
2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം	1223
2020-21 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം	1223
100 ദിവസത്തേയ്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം	-
തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ	-
15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിത വേതനം നല്കേണ്ടി വന്നവ	-
ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ	-
14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ	-
ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം	212
തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം	212
ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ	212
പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം	14
ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം	14
സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം	0
ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം	1675
സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം	169
തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം	116
സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ	81.79
സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം	97079
പരാതിരജിസ്റ്റർ പരിപാലനം	ഉണ്ട്
തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ	ഉണ്ട്
പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ്	ഉണ്ട്
അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ	ഇല്ല
ആസ്തി രജിസ്റ്റർ	ഉണ്ട്
ലേബർ കംബോണന്റ്	28724770
മെറ്റീരിയൽ കംബോണന്റ്	2829837
ആകെ വരവ്	**31554607**
ആകെ ചെലവ്	**31554607**

തൊഴിൽ ദിനങ്ങൾ	തൊഴിൽകാർഡ് ഉടമകളുടെ എണ്ണം
100 ദിനങ്ങൾ	711
80-99	86
70-79	44
60-69	67
50-59	116
50 ൽ താഴെ	180

1-9 വസ്തു നികുതി

പഞ്ചായത്തിന്റെ പ്രധാന തനത് വരുമാന സ്രോതസ്സായ വസ്തു നികുതിയുടെ ശേഖരണവുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി - പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്വെയർ പ്യൂരിഫിക്കേഷൻ, 2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2-ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ/ ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വക്കം ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശനം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 26 /20-21) ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടി നൽകിയെങ്കിലും ആയത് ലഭ്യമാക്കാത്തതിനാൽ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

2. മേഖല വിഭജനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ വക്കം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ മാപ്പ് തയ്യാറാക്കിയിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 26/ 20-21) മറുപടി നൽകി എങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തി.

സാംഖ്യ ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന റദ്ദാക്കിയ സാഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ്വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

Sl No	Ward No	Door No	Owner Details	Receipt No	Receipt Date	Amount
1	10	117	ബിനി	120010102398	18/01/21	65
2	1	396	ഗയ.എസ്	120010102549	30/01/21	16
3	9	487	മനോജ് കുമാർ	120010100146	30/04/20	307
4	9	102	ദിലീപ് കുമാർ	120010101135	22/07/20	409
5	10	412	ജോയി, ജോണി	120010101364	11/09/2020	1380
6	7	449 B	സുഗന്ധി.ബി	120010101382	15/09/20	1106

7	7	347 B	മണികണ്ഠൻ, റീത്ത	120010101414	22/09/20	596
8	10	270	വിജയ കുമാർ	120010101714	04/11/20	477
9	11	90	മാധവിക്കുട്ടി അമ്മ	120010102568	30/01/21	15
10	4	464	ജയമോഹനൻ(സലി)	120010102572	30/01/21	123
11	13	11A	ആദിൽ മുഹമ്മദ്, ആദം മുഹമ്മദ്	120010102913	10/02/21	1182
12	10	135A	സി.കൃഷ്ണൻകുട്ടി	120010102930	11/02/21	375
13	13	7	കെ . ഗോപിനാഥൻ	120010102993	12/02/21	103
14	9	363	ശശിധരൻ	120010102994	12/02/21	69
15	10	310	ശശീന്ദ്രൻ	120010103058	15/02/21	341
16	11	244	എൻ.സുരേഷ്ബാബു	120010103287	18/02/21	511
17	5	137	സുനിൽലാൽ	120010103351	19/02/21	409
18	4	579	തങ്കം ശശികാന്ത്	120010103591	24/02/21	1021
19	11	209	രമാ ദാസ്	120010103987	06/03/21	35
20	11	207	വിജയകുമാർ	120010104357	17/03/21	120
21	7	117	ഷാനവാസ്	120010104402	19/03/21	137
22	1	427	കുമാരി ജയ	120010104424	20/03/21	273
23	1	309	തങ്കമ്മ	120010104428	20/03/21	9
24	4	111	സുജാതൻ	120010104438	20/03/21	341
25	9	372	രംഗനാഥൻചെട്ടിയാർ	120010104627	24/03/21	137
26	9	228	സുരേന്ദ്രൻ	120010105200	31/03/21	137

റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. ക്യാൻസലേഷൻ ടൂൾ സെറ്റ് ചെയ്യാത്ത സിസ്റ്റത്തിൽ നിന്ന് ക്യാൻസലേഷൻ അപ്രൂവ് ചെയ്തപ്പോൾ ഉണ്ടായ അപാകത പരിഹരിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 26 /20-21) മറുപടി നൽകി.

4. കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല.

സഞ്ചയ സോഫ്റ്റ്വെയറിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്തിട്ടില്ല.

ക്രമ നം.	വാർഡ്/ കെട്ടിട.നം	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	വിസ്തീർണ്ണം
1	5/350	ബാബു,ബിനു	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	താഴത്തെ നില (80 ച മീ),ഒന്നാം നില (30 ച മീ)
2	4/6	തുളസി	പാർപ്പിടാവശ്യം	താഴത്തെ നില (76.05 ച മീ)
3	4/55	രാമകൃഷ്ണൻ	പാർപ്പിടാവശ്യം	താഴത്തെ നില (73 ച മീ)
4	4/297	പുഷ്പ രാജൻ , കമലാദേവി	പാർപ്പിടാവശ്യം	താഴത്തെ നില (73 ച മീ)
5	4/350	സതി	പാർപ്പിടാവശ്യം	താഴത്തെ നില (70 ച മീ)
6	4/502	വിജയരാജൻ	പാർപ്പിടാവശ്യം	താഴത്തെ നില (103 ച മീ)
7	3/33	ജയറാം	പാർപ്പിടാവശ്യം	താഴത്തെ നില (120 ച മീ)
8	3/221	സത്യശീലൻ	പാർപ്പിടാവശ്യം	താഴത്തെ നില (63.24 ച മീ)
9	3/249	കമലാക്ഷി	പാർപ്പിടാവശ്യം	താഴത്തെ നില (85 ച മീ), ഒന്നാം നില (45 ച മീ)
10	3/295	ചെല്ലമ്മ	പാർപ്പിടാവശ്യം	താഴത്തെ നില (63.84 ച മീ)

11	14/97	ലക്ഷ്മി	പാർപ്പിടാവശ്യം	താഴത്തെ നില (68 ച മീ)
12	14/364	ലൈല	പാർപ്പിടാവശ്യം	താഴത്തെ നില (64 ച മീ)
13	13/69	എസ്.ദിവാകരൻ	പാർപ്പിടാവശ്യം	താഴത്തെ നില (68.17 ച മീ)

ഡിമാന്റ് ചെയ്യാൻ വിട്ടു പോയ കെട്ടിടങ്ങൾ ഡിമാന്റ് ചെയ്ത് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 26 /20-21) മറുപടി നൽകി.

5. വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31-ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 6,9,10,11 വാർഡുകൾ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	വാർഡ്/ കെട്ടിട നമ്പർ	പേര് , വിലാസം
1	9/198	സുഗതൻ, തൂതാൻ വിള, വക്കം
2	9/352	ശിവരാമൻ, അഭിലാഷ് ഭവൻ, വക്കം
3	10/18	ശാന്തകുമാരിഅമ്മ, കൊച്ചടീക്കവിളാകം, വക്കം
4	6/300	പ്രസാദ്, പുന്നവിള, വക്കം.
5	10/41	സുഷമ.എസ്.നായർ , സായികൃപ, വക്കം
6	10/84	സഞ്ജയൻ, കൊടിക്കകം, വക്കം
7	11/360	മണികണ്ഠൻ നായർ, ഹരിപ്രിയ, വക്കം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 45/20-21) മറുപടി ലഭ്യമാക്കിയില്ല.

1-10 തൊഴിൽ നികുതി അപാകതകൾ

1. 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 205 ഇ വകുപ്പു പ്രകാരം സെക്രട്ടറി ഏപ്രിൽ മാസം ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ്. എന്നാൽ വക്കം ഗ്രാമപഞ്ചായത്തിൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് മാത്രമാണ് കൊടുക്കുകയെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 3/20-21 തീയതി 07.03.22) മറുപടി നൽകിയിട്ടുണ്ട്.

2. 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 205 ഐ വകുപ്പു പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ടുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ഇതിൻ പ്രകാരം ഡിമാന്റ് രജിസ്റ്റർ പരിപാലിക്കാത്തതിന് കാരണമായി നിലവിൽ സ്ഥാപനങ്ങൾക്ക് പ്രത്യേക പേജ്

അനുവദിച്ച് ഡിമാന്റ് ചെയ്തിട്ടില്ലായെന്നും ഭാവിയിൽ ഇത്തരത്തിൽ പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ടുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 3/20-21 തീയതി 07.03.22) മറുപടി നൽകിയിട്ടുണ്ട്.

3. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡി & ഒ ലൈസൻസിനോടൊപ്പം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അതിനാൽ വരുമാനത്തിനനുസൃതമായാണോ നികുതി പിരിവ് നടത്തിയിട്ടുള്ളത് എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

4. 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

I) മേൽ വകുപ്പുകൾ പ്രകാരം വക്കം ഗ്രാമപഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 3/20-21 തീയതി 07.03.22) മറുപടി നൽകിയിട്ടുണ്ട്.

5. 1996ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14, 16 ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടേയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6. പഞ്ചായത്തിൽ പരിപാലിക്കുന്ന രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി രണ്ട് അർദ്ധവർഷങ്ങളിലേയും ഒടുക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

ക്രമ നമ്പർ	സ്ഥാപനം	റിമാർക്സ്
1	കണ്ണൻ വിളാകം ഫ്യൂവൽ സെന്റർ	രണ്ടാം അർദ്ധവർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
2	കെ റ്റി ഡി സി റസ്റ്റോറന്റ് & ബിയർ പാർലർ	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
3	മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
4	മാർജിൻ ഫ്രീ മാർക്കറ്റ്, വക്കം	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
5	മാവേലി സ്റ്റോർ, വക്കം	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
6	കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
7	ഫെഡറൽ ബാങ്ക്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന

		തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
8	ജെ പി ആർ ഫ്യുവൽസ്	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
9	എസ് ബി ഐ, വക്കം	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
10	ബി എസ് എൻ എൽ	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 4/20-21 തീയതി 08.03.22) മറുപടി നൽകിയിട്ടുണ്ട്.

1-11 സർക്കാർ ഉത്തരവ് പാലിക്കാതെ വാടകയിൽ ഇളവ് നൽകി.

വക്കം ഗ്രാമപഞ്ചായത്ത് പരിധിയിൽ 2020-21 വർഷം 14 മുറികളാണ് വാടകയ്ക്ക് നൽകിയത് ഇതിൽ പതിനൊന്നോളം സ്ഥാപനങ്ങൾക്ക് മൂന്ന് മാസത്തെ വാടക സ.ഉ സാധാ നമ്പർ 1278/2020 തസ്വഭവ തീയതി 29/6/2020 പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഉത്തരവ് പ്രകാരം ലോക്ഡൌൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ എന്നും, വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ഈ കാലയളവിൽ പ്രവർത്തിച്ചില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് എന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിൻമേൽ റിപ്പോർട്ട് നൽകേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന വികസന അതോറിറ്റി തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ റിപ്പോർട്ട് തയ്യാറാക്കാതെയാണ് കടമുറികൾക്ക് വാടക ഇളവ് നൽകിയത് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നമ്പർ 15/20-21) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-12 ഡി & ഒ അപാകതകൾ

1. അപേക്ഷകൾ പൂർണ്ണമല്ല.

2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/ തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളേയും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2020-21 വർഷം ഡി & ഒ ലൈസൻസ് നൽകിയത് 279 സ്ഥാപനങ്ങൾക്കാണ്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 263 സ്ഥാപനങ്ങൾ ആണുള്ളത്. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ

ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2/12/15ൽ പുറപ്പെടുവിച്ച സർക്കുലർ നം. 12900/ആർ/2015/ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വക്കം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷം മുതൽ ഇവ ഒരു ഫയലായി കൈകാര്യം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 31/20-21) മറുപടി നൽകി.

2. സർക്കാർ ഉത്തരവ് നം. (എം,എസ്)170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വീടുകളുടെ പൂർണ്ണ വിവരം, നിർമ്മാണത്തിന്റെ സ്റ്റേജ് എന്നിവ വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ ഒരു രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ U/A രജിസ്റ്റർ അപൂർണ്ണമായിരുന്നു.

3. കാലപരിധി പിന്നിട്ടതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിച്ചിട്ടില്ല. മൂന്ന്/അഞ്ച് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന വിധം അതത് വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവരശേഖരണം നടത്തി ഫീൽഡ്തല പരിശോധന നടത്തിയിട്ടില്ല എന്നും ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 31/20-21) മറുപടി നൽകി.

1-14 ഇ -ടെണ്ടർ ഫോറം വില – ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്.

ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.10.2019 മുതൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിലാണ് (00000037127863074, SBI വക്കം ബ്രാഞ്ച്) ടെണ്ടർ ഫോറ വിലയുടെ (ടെണ്ടർ ഫീസ്) ഒടുക്കുവരുത്തുന്നത്. 31.10.2019-ന് മുമ്പായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുള്ളതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 30.01.2021 ൽ 250000/-രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേയ്ക്ക ഒടുക്കു വരുത്തിയിട്ടുണ്ട്. ഇതിനു ശേഷം തുകയൊന്നും തന്നെ ഒടുക്കു വരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നമ്പർ 01/07.03.2022) 250000/- രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയെന്നുള്ള മറുപടി മാത്രമാണ് ലഭ്യമാക്കിയത്. മുൻ വർഷങ്ങളിലെ തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതിന്റെയും ടി. തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതു സംബന്ധിച്ച വിശദാംശങ്ങൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 15.03.2022 വരെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ 224093.24/- രൂപ നിലനിൽക്കുന്നുണ്ട്. ആയത് ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-15 പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൽ പാലിക്കേണ്ടതാണ്.

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് പ്രകാരം ഗ്രാമപഞ്ചായത്ത് സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യുർമെന്റ് ടീം രൂപീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ യോഗം രണ്ട് പ്രാവശ്യം (29.06.20, 02.11.20) മാത്രമാണ് ചേർന്നത്. ഇതിൽ 29.06.2020-ലെ യോഗത്തിൽ തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങാൻ ഇൻവോയിസ് വാങ്ങാനും തെരുവു വിളക്ക് അറ്റകുറ്റപ്പണികളുടെ ഇൻവോയിസിന് അംഗീകാരം നൽകാനും തീരുമാനിച്ചു. 02.11.2020-ൽ ചേർന്ന യോഗത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ 181/21 പദ്ധതിയുടെ ഭാഗമായി ഫോട്ടോകോപ്പിയർ വാങ്ങുവാൻ തീരുമാനിച്ചു.

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന ചുവടെ പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പ്രോകൃയർമെന്റ് കമ്മിറ്റിയുടെ സജീവ ഇടപെടൽ നടത്തിയതായി കാണുന്നില്ല

A) കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ഇടവിള കൃഷി വ്യാപനം (29/21)

B)കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മുറ്റത്ത് ഒരു കുറ്റി കുരുമുളക് (77/21)

C)കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സുഭിക്ഷ വീട്ടുവളപ്പിലെ പച്ചക്കറികൃഷി- ഗ്രോ ബാഗ് വിതരണം (169/21)

D)കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സുഭിക്ഷ ഫലവൃക്ഷ തൈ വിതരണം(170/21)

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകൃയറിക്ക് (നം. 38/17.03.2022) ലഭ്യമാക്കിയ മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ പ്രോകൃയർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പാലിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭരണസമിതിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-16 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ചുവടെ പറയുന്ന രണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നുവെങ്കിലും രണ്ട് പ്രോജക്ടുകളും നടപ്പാക്കിയില്ല.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക
171/21	വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി	369000/-
172/21	ബയോഫ്ലോക്ക് മത്സ്യകൃഷി	690000/-

വൻ തുക പദ്ധതി വിഹിതത്തിൽ നിന്നും അംഗീകാരം വാങ്ങിയതിനു ശേഷം നടപ്പാക്കാത്തതിന്റെ കാരണം സംബന്ധിച്ച ഓഡിറ്റ് എൻകൃയറിക്ക് (നം.23/17.03.2022) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ജനോപകാരപ്രദമായ ഇത്തരം പദ്ധതികൾക്കായി തുക വകയിരുത്തിയ ശേഷം മുടക്കം കൂടാതെ നടപ്പാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-17 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് ഡേറ്റാബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012-ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ വക്കം ഗ്രാമപഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ ഇപ്രകാരം കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകൃയറിക്ക് (36/18.03.2022) ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

1-18 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകൃയറിക്ക് (35/18.03.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-19 പഞ്ചായത്ത് ഓഫീസിലേയും ഘടകസ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ എ എം സി പുതുക്കൽ - കരാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നില്ല.

പദ്ധതിയുടെ പേര്	പഞ്ചായത്ത് ഓഫീസിലേയും ഘടകസ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ എ എം സി പുതുക്കൽ-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	02/21
അടങ്കൽ	1,20,000/- വികസനഫണ്ട്
ചെലവ്	1,20,000/-
ബിൽ നമ്പർ	63/20-21/30.3.21

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 120000/-രൂപ ചെലവാക്കിയിട്ടുണ്ട്. വാറണ്ടി കഴിഞ്ഞ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, യുപിഎസുകൾ, ലാപ്ടോപുകൾ മുതലായവയെ എ എം സി-യിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ളതാണ് പദ്ധതി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട് .

1. എ എം സി വയ്ക്കുന്നതിനായി 29.6.2020-ന് കെൽട്രോണുമായി കരാറിലേർപ്പെട്ടു. കെൽട്രോണുമായി ഏർപ്പെട്ട കരാറിൽ എ എം സി കാലാവധി 29.6.20 മുതൽ 28.6.21 വരെയാണ്. എന്നാൽ കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് 19.11.2020-നാണ്. കരാർ പത്രം വാങ്ങിയ തീയതി 23.11.2020 ആണ്.

2. ഹാർഡ് വെയർ രജിസ്റ്ററുനു പകരം "Equipments Data Collection Form" ആണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. പ്രസ്തുത കരാറിലെ ഖണ്ഡിക 2.14 പ്രകാരം ഒരു കലണ്ടർ വർഷം നാല് തവണ ജനറൽ സർവീസും പരിശോധനയും നടത്തണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം പരിശോധന നടത്തിയിട്ടില്ല.

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.16തീയതി 14.03.22) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് സമയമായിരുന്നതിനാൽ മേൽ പ്രവൃത്തികൾ കൃത്യമായി നിർവ്വഹിക്കുവാൻ സാധിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ഹാർഡ് വെയർ രജിസ്റ്റർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

വാറണ്ടി കാലാവധി ഉണ്ടായിരുന്ന UPS Hycon എഎംസി-യിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.16 തീയതി 14.03.22-ന് മറുപടിയായി യു പി എസ്സിന്റെ ബാറ്ററിക്ക് മാത്രമാണ് 3 വർഷം വാറന്റിയെന്നും Outputന് 1 വർഷം മാത്രമേ വാറന്റിയുള്ളുവെന്നും അതിനാലാണ് എ എം സി എടുത്തതെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ കെൽട്രോണുമായി ഏർപ്പെട്ട കരാറിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ UPS Hycon-ന് പൂർണ്ണമായും കെൽട്രോൺ എ എം സി ചാർജ്ജ് ഈടാക്കിയിട്ടുണ്ട്.

സമയക്രമം കൃത്യമായി പാലിച്ച് വാറണ്ടി ഉള്ളവയെ ഒഴിവാക്കി എ എം സി പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഹാർഡ് വെയർ രജിസ്റ്റർ വാറണ്ടി പിരീഡ്, എ എം സി പിരീഡ് മുതലായവ കൃത്യമായി രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. കരാർ നിബന്ധനകൾ പ്രകാരമുള്ള പരിശോധനകൾ യഥാസമയം നിർവ്വഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 തെരുവുവിളക്ക് അറ്റകുറ്റപണി ലേബർചാർജ്ജ്, സാധനങ്ങൾ വാങ്ങൽ പദ്ധതി - കരാറുകാരന്റെ യോഗ്യത തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

പദ്ധതിയുടെ പേര്	തെരുവുവിളക്ക് അറ്റകുറ്റപണി ലേബർചാർജ്ജ്, സാധനങ്ങൾ വാങ്ങൽ പദ്ധതി
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

പ്രോജക്ട് നമ്പർ	11/21
അടങ്കൽ	3,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ്	2,54,986
ബിൽ നം	Rs-34416-61/20-21/26.3.21 Rs-120632-52/20-21/12.2.21 Rs-99938-39/20-21/23.11.20

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ തെരുവുവിളക്ക് അറ്റകുറ്റപണിയുടെ ലേബർ ചാർജ്ജായി 1,55,648/-രൂപ തെരുവുവിളക്കുകളുടെ അറ്റകുറ്റപണിക്കായി തെരഞ്ഞെടുത്ത ശ്രീ.സന്തോഷ് എന്നയാളിന് നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ.സന്തോഷുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാറുകാരന്റെ യോഗ്യത, ഇലക്ട്രിക്കൽ സൂപ്പർവൈസർ ലൈസൻസിന്റെ പകർപ്പ്, ഇൻഷുറൻസ് മുതലായ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും ഹാജരാക്കിയിട്ടില്ല.

കരാർ പ്രകാരം കേടായ ഒരു ഐറ്റം മാറ്റിയിടുമ്പോൾ (ബൾബിന് 90/-,ട്യൂബ് ഫിറ്റിംഗിന് 360/-, ആട്ടോമെറ്റിക് സ്ട്രീറ്റ് ലൈറ്റിന് 260/-) ഓരോ ഐറ്റത്തിന്റേയും എണ്ണത്തിനനുസരിച്ചാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ എത്ര എണ്ണം റിപ്പയർ ചെയ്തു എത്ര എണ്ണം മാറ്റിയിട്ടു എന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല. ആയതിനാൽ കരാറുകാരന് നൽകിയ തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കേടായ സാധനങ്ങൾ തിരികെ ഏൽപ്പിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.27, തീയതി 17.03.22-ന് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യമായ രേഖകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലതകളിൽ ഉൾപ്പെടുന്നതാണ് തെരുവുവിളക്കുകളുടെ പരിപാലനം. അതിനാൽ ക്യത്യമായ നടപടിക്രമങ്ങൾ പാലിച്ച് കരാറുകാരനെ തിരഞ്ഞെടുത്ത് കരാറിൽ ഏർപ്പെട്ട് പദ്ധതി നിർവ്വഹിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. ഇലക്ട്രീഷ്യൻമാർക്ക് സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് കെ.എസ്.ഇ.ബി അംഗീകരിച്ച യോഗ്യതകൾ ഉണ്ടോ എന്ന് ക്യത്യമായി വിലയിരുത്തുകയും, ഇലക്ട്രീഷ്യൻമാരുമായി ക്യത്യമായി കരാറിൽ ഏർപ്പെടുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-21 തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് പുതിയ ലൈൻ സ്ഥാപിക്കൽ -പദ്ധതി മോണിറ്റർ ചെയ്യപ്പെടുന്നില്ല.

പദ്ധതിയുടെ പേര്	തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് പുതിയ ലൈൻ സ്ഥാപിക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	110/21
അടങ്കൽ	1,58,080 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ്	1,58,080
ബിൽ നം	05/20-21/15.5.2020

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 1,58,080/- രൂപ കെ.എസ്.ഇ.ബി-ക്ക് നൽകിയിട്ടുണ്ട്. തുക നൽകുന്നതിനുമുമ്പ് കെ എസ് ഇ ബി- യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.12.2018ലെ ഡി.എ1/881/2018 നം സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി-യിൽ തുക ഡിപ്പോസിറ്റ് ചെയ്യുന്ന പ്രവ്യത്തികളിൽ തുകയുടെ വിനിയോഗവും പദ്ധതി നിർവ്വഹണവും പഞ്ചായത്ത് ക്യത്യമായി മോണിറ്റർ ചെയ്യണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

കെ.എസ്.ഇ.ബി-യുടെ 25.6.2019-ലെ എഫ് എ/ടാക്സ് സെൽ/ജി എസ് ടി/ഫ്ലഡ് സെസ് 19-20 സർക്കുലർ പ്രകാരം ജി എസ് ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും ഫ്ലഡ് സെസ് ഈടാക്കുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ കെ.എസ്.ഇ.ബി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം പഞ്ചായത്ത് അടവാക്കിയ

തുകയിൽ ഫ്ലഡ് സെസ് ഇനത്തിൽ 1328/-രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.17, തീയതി 14.03.22-ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഫ്ലഡ് സെസ് ഇനത്തിൽ അടവാക്കിയ 1328/-രൂപ കെ.എസ്.ഇ.ബി-യുമായി ബന്ധപ്പെട്ട് ക്രമീകരിക്കുന്നതിനുള്ള നടപടി കൂടി സ്വീകരിക്കേണ്ടതാണ്.

1-22 അനുപൂരക പോഷകാഹാര വിതരണ പദ്ധതി -ന്യൂട്രിമിക്സിന്റെ ലാബ് പരിശോധന കാര്യക്ഷമമാക്കണം.

പദ്ധതിയുടെ പേര്	അനുപൂരക പോഷകാഹാര വിതരണ പദ്ധതി
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ
പ്രോജക്ട് നമ്പർ	35/21
അടങ്കൽ	12,60,500 (വികസനഫണ്ട് 575000 + കേന്ദ്രാവിഷ്കൃത ഫണ്ട് 685500)
ചെലവ്	10,60,295/- (വികസനഫണ്ട് 557735 + കേന്ദ്രാവിഷ്കൃത ഫണ്ട് 502560)
ബിൽ നമ്പർ	107/16.4.20,119/11.5.20,129/8.6.20,215/24.12.20,231/18.2.21,150/27.7.20, 167/24.8.20,186/15.10.20,200/18.11.20

2020-21 വർഷം പദ്ധതിക്കായി ഐ.സി.ഡി.എസ്.സൂപ്പർവൈസർ അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതിക്കായി (ജനറൽ) 10,60,295/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 5,60,350/-രൂപയും ചെലവഴിച്ചിരിക്കുന്നത് യുവശക്തി യുവശ്രീ ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിനായാണ്.

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിനു കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീനം നേടിയ അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. 22.09.2014-ലെ സ.ഉ (സാധാ) നം. 587/2014/ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയാണോ അങ്കണവാടികളിൽ ഇതിന്റെ വിതരണം നടത്തിയിരിക്കുന്നത് എന്ന് വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.25, തീയതി 16.03.22-ന് ലഭ്യമാക്കിയ മറുപടിയിൽ 2020-21 ൽ കോവിഡ് വ്യാപനം കാരണം 2021 ജൂലൈ മാസത്തെ ന്യൂട്രിമിക്സ് മാത്രമേ പരിശോധനയ്ക്ക് അയക്കുവാൻ സാധിച്ചിട്ടുള്ളൂ എന്നറിയിച്ചിട്ടുണ്ട്.

രണ്ട് മാസത്തിലൊരിക്കൽ ലാബ് ടെസ്റ്റ് നടത്തി ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷം മാത്രം കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-23 മഴക്കാല പൂർവ്വ ശുചീകരണം-ചെലവ് വിവരം ലഭ്യമാക്കിയില്ല-2,10,000/-രൂപ തടസ്സപ്പെടുത്തുന്നു.

1.വൌച്ചർ നമ്പർ-22000256/19.6.20

ബിൽ നമ്പർ- 76/19.6.20

തുക-1,40,000/-(ശുചിത്വമിഷൻ ഫണ്ട്)

2.വൌച്ചർ നമ്പർ-22000258/29.6.20

ബിൽ നമ്പർ- 78/29.6.20

തുക-70,000/-(തനത് ഫണ്ട്)

മഴക്കാലപൂർവ്വ ശുചീകരണത്തിനായി ഗ്രാമപഞ്ചായത്തിലെ വാർഡുകൾക്ക്, വാർഡൊന്നിന് ശുചിത്വമിഷൻ വകയായി ₹10000/- രൂപയും തനത് ഫണ്ടിൽനിന്നും 5000/- രൂപയും വീതം ആകെ 15000/- രൂപ നൽകേണ്ടതാണ്. 2020-21 വർഷം മഴക്കാല പൂർവ്വ ശുചീകരണം പദ്ധതിക്കായി 14 വാർഡുകൾക്കായി 2,10,000/- രൂപ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

പ്രവൃത്തികളുടെ ചെലവ് രേഖകൾ, വാർഡിൽ പ്രവൃത്തികൾ നടത്തിയതിന്റെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മഴക്കാലപൂർവ ശുചീകരണവുമായി ബന്ധപ്പെട്ട് 23-04-2015-ലെ സർക്കുലർ നം 178649/ഡി.സി/2015, ത.സ്വ.ഭ.വ, 22-01-2018ലെ 17/ഡി സി/1/18/ത.സ്വ.ഭ.വ സർക്കുലറുകൾ പ്രകാരം വാർഡ്തല ശുചിത്വ കൂട്ടായ്മകൾ സംഘടിപ്പിക്കണം, ശുചിത്വ സ്കാഡ് രൂപീകരിക്കണം, വാർഡ്തല ശുചിത്വ മാപ്പിംഗ്, പഞ്ചായത്ത് തല കർമ്മ പരിപാടി, ഡ്രൈ ഡേ സന്ദേശം നൽകണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം തുടങ്ങി വിപുലമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.41, തീയതി 18.03.22 നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ചെലവ് രേഖകൾ ഹാജരാക്കത്തതിനാൽ 2,10,000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-24 കരാറിൽ ഏർപ്പെടാതെ കെ എസ് ഇ ബി-ക്കും വാട്ടർ അതോറിറ്റിക്കും തുക നൽകിയിരിക്കുന്നു.

ക്രമ നമ്പർ	പദ്ധതി വിവരം	അപാകതകൾ
1	പോസ്റ്റ് ഷിഫ്റ്റിംഗും സ്ഥാപിക്കലും പ്രോജക്ട് നമ്പർ-8/21 അടങ്കൽ-25000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ചെലവ്-11489/- ബിൽ നമ്പർ 44/20-21/5.1.21	1.വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 2.കരാറിൽ ഏർപ്പെടാതെ തുക നൽകി.
2	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് നമ്പർ-109/21 അടങ്കൽ-5,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ചെലവ്-5,00,000 ബിൽ നമ്പർ 03/20-21/15.5.20	1.വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 2.വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ (നമ്പർ.19, തീയതി 14.03.22) വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെ എസ് ഇ ബി, വാട്ടർ അതോറിറ്റി മുതലായ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രം തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 കുടിവെള്ള ചാർജ്ജ് അടവാക്കൽ പദ്ധതി-സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പദ്ധതിയുടെ പേര്	പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	09/21
അടങ്കൽ	8,69,404 ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്	7,08,750
ബിൽ നമ്പർ	28/20-21/18.9.20-141750/- 38/20-21/23.11.20-70875/- 45/20-21/5.1.20-70875/- 46/20-21/5.1.20-70875/- 49/20-21/9.2.21-141750/- 58/20-21/25.3.21-141750/- 59/20-21/25.3.21-70875/-

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 7,08,750/-രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ കുടിവെള്ള ചാർജ്ജ് അടവാക്കുന്നതിൽ വലിയ തുക കുടിശ്ശിക വന്നിട്ടുണ്ട്. 2021 മാർച്ച് മാസത്തെ ബില്ല് പ്രകാരം ഫെബ്രുവരി വരെയുള്ള കുടിശ്ശിക 5,29,549/-രൂപയാണ്. കൂടാതെ ഫൈനായി 10,415/-രൂപയും രേഖപ്പെടുത്തിയിരിക്കുന്നു.

മുൻ വർഷങ്ങളിൽ തിട്ടപ്പെടുത്തിയ വാട്ടർ ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് വരുന്നത്. ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയ പൈപ്പുകളിൽ കേടായ പൈപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഉൾപ്പടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡിഎ1/7/2019 തീയതി 21.2.2019 പ്രകാരം പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കണ്ടുപിടിക്കുന്നതിനായി പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്തമായി പരിശോധന നടത്തിയിട്ടുണ്ടോ മുതലായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.22, തീയതി 14.03.22-ന്റെ മറുപടിയിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നറിയിച്ചിരിക്കുന്നു.

സംയുക്ത പരിശോധനയുടെ റിപ്പോർട്ട് ലഭ്യമാക്കി പ്രവൃത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ ചാർജ്ജ് മാത്രം അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തുകയുടെ കാര്യത്തിലും പഞ്ചായത്തിനനുകൂലമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ഓഫീസ് വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-16-P-3757 മഹീന്ദ്രസൈലോ വാഹനത്തിന്റെ ലോഗ്ബുക്ക് നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുകയോ ഇന്ധനം നിറച്ച വിവരം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നതിന്

ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2.അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3. ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്. ഇന്ധനക്ഷമത ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.

4. സഞ്ചരിച്ച ദൂരം രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിലെ 11-മത്തെ കോളമായ "Miles/Kilometers Covered" എന്നതിന്റെ വിവരം നിശ്ചയമായും പൂരിപ്പിക്കേണ്ടതാണ്.

5. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

6.വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പു രേഖപ്പെടുത്തുന്നില്ല.

7.വാഹനം ഓടിയ ദൂരത്തിന്റെ ഓപ്പണിംഗ് കിലോമീറ്ററും ക്ലോസിംഗ് കിലോമീറ്ററും ചില ദിവസങ്ങളിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.(ഉദാ.20.1.21,4.2.21).

8.Monthly Absract എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 18.03.2022-നു നൽകിയ 39 നമ്പർ ഓഡിറ്റ് എൻകയറിക്ക് അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-27 വാഹന പരിപാലനം - മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനുവേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധനം നിറച്ച തീയതി, അളവ്, വില, വാഹന നമ്പർ എന്നീ വിവരങ്ങൾ രേഖപ്പടുത്തിയിട്ടുള്ള ഇന്ധന രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 18.03.22 തീയതിയിൽ, 40 നമ്പരായി നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ച് വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധന രജിസ്റ്ററും. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-28 പാഥേയം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 144000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്	പാഥേയം (84/21)
അടങ്കൽ തുക	360000
ചെലവു തുക	144000
ബിൽ നമ്പർ	11/31.03.2021, 144000/-

പാഥേയം എന്ന പദ്ധതി നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 144000/-രൂപ 2020-21 ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഇതുവരെയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (14/11.03.22) നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നുതുവരെ ചെലവു തുകയായ 144000/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020-21-ൽ പഞ്ചായത്ത് തലത്തിൽ 61 യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ഹെൽപ്ഡസ്ക്/വാർ റൂം രൂപീകരിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നും 2020-21 ൽ 9,94,017/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1364/2020/ത.സ്വ.ഭ.വ. പ്രകാരം എഫ്.എൽ.ടി.സി.-യുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി മാനേജിംഗ് കമ്മിറ്റിയും കോർ കമ്മിറ്റിയും 17.07.2020-ൽ രൂപീകരിച്ചിട്ടുണ്ട്. വക്കം ഗവ. ഹൈസ്കൂളിലാണ് സി.എഫ്.എൽ.ടി.സി. പ്രവർത്തനം ആരംഭിച്ചത് . ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും 2020-21 വർഷം 27609300/-രൂപ ലഭിച്ചു. ആയതിൽ 13,23,300/-രൂപ മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 26.03.2020-ലെ സ.ഉ(സാധാ)നം.713/2020/ ത.സ്വ.ഭ.വ. പ്രകാരം കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിട്ടുണ്ട്. സംഭാവനയായി ലഭിച്ച 1,80,000/- രൂപ ഉപയോഗിച്ചാണ് കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിപ്പിച്ചത് എന്നും, വരവു തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 34/18.03.22 ന് മറുപടി നൽകിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച മുഴുവൻ രേഖകളും ആധികാരികമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-30 മരാമത്ത് പ്രവൃത്തികൾ- പാർട്ട് ബില്ലുകളിൽ നിന്നും റിടെൻഷൻ -തുക കുറവു ചെയ്തില്ല.

ജി.ഒ.(പി) 429/15/ ധന. തീയതി 28.09.2015 പ്രകാരം, മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽ നിന്നും ബിൽ തുകയുടെ 2.5% റീടെൻഷൻ തുക കുറവു ചെയ്ത് തനത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകുമ്പോൾ പ്രസ്തുത തുക കരാറുകാരന് തിരികെ നൽകേണ്ടതുമാണ്. എന്നാൽ വക്കം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ബിൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന ബില്ലിൽ നിന്നും റീടെൻഷൻ തുക കുറവു ചെയ്ത് തനതു ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല എന്ന് കാണുന്നു.

പ്രോജക്ട്	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൽ (185/21)
അടങ്കൽ തുക	500000/-
ചെലവ് തുക	242456/-
ഫണ്ടിനം	വികസന ഫണ്ട് പൊതു വിഭാഗം
കരാറുകാരൻ	ശ്രീ. ബാജി.എം.

പ്രസ്തുത പ്രവൃത്തിയുടെ 1 & പാർട്ട് ബിൽ പ്രകാരം 242456/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി മൂല്യം 216479 രൂപയാണ്. പാർട്ട് ബിൽ പ്രകാരം തുക നൽകുമ്പോൾ പ്രവൃത്തി മൂല്യത്തിന്റെ 2.5% തുകയായ 5412/- രൂപ റിടെൻഷൻ ആയി കുറവു ചെയ്യേണ്ടതും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതുമായിരുന്നു. എന്നാൽ അപ്രകാരം ചെയ്തതിട്ടില്ല.

ആങ്ങാവിള കോതക്കുളം റോഡ് ഓട നിർമ്മാണം (63/21), മാങ്കുഴി മാർക്കറ്റ് നവീകരണവും ഖര ദ്രവ്യ മാലിന്യ സംസ്കരണവും (164/21) എന്നീ പ്രോജക്ടുകളുടെ ബിൽ പരിശോധിച്ചതിലും പ്രസ്തുത പ്രോജക്ടുകളുടെ പാർട്ട് ബില്ലിൽ നിന്നും 2.5% റീടെൻഷൻ തുക കുറവു ചെയ്ത് തനത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടല്ല എന്ന് കണ്ടു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നം. 28/17.03.2022) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ പാർട്ട് ബില്ലുകളിൽ നിന്നും 2.5% റീടെൻഷൻ തുക കുറവു ചെയ്ത് തനത് ഫണ്ടിൽ ഒടുക്കു വരുത്തുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽ നിന്നും റീടെൻഷൻ തുക കുറവുചെയ്ത് തനതു ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച ഫൈനൽ ബിൽ നൽകുമ്പോൾ പ്രസ്തുത തുക കരാറുകാരന് തിരികെ നൽകേണ്ടതുമാണ്.

1-31 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - എസ്റ്റിമേറ്റുകൾ വ്യാപകമായി

പുതുക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/ തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാനുവൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വക്കം ഗ്രാമ പഞ്ചായത്തൽ 2020-21-ൽ നടപ്പാക്കിയ 77 പ്രവൃത്തികളിൽ ചുവടെ പറയുന്ന 24 പ്രവൃത്തികൾ എസ്റ്റമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്
1	44/21	മുത്രായ്ക്ക മണക്കാട്ട് ഇടവഴി ഇന്റർലോക്കിംഗ്
2	99/21	മാങ്കുഴി മാർക്കറ്റ് നവീകരണം
3	101/21	വാടാപ്പുറം കിഴക്കേതിട്ടയിൽ ഓട നിർമ്മാണം
4	193/21	പുളിവിളാകം വാടയിൽ റോഡ് റീടാറിംഗ്
5	163/21	സ്കൂളുകളുടെ പെയിന്റിംഗ്, അറ്റകുറ്റപ്പണി, ബോർഡ് സ്ഥാപിക്കൽ
6	100/21	ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി
7	96/21	കരിച്ചാറ തൊടിയിൽ ഓടയും സ്ലാബും
8	116/21	വക്കം ഗവ.എൽ.പി.ബി.എസി-ലെ സ്റ്റോർ റൂമിന്റെ മേൽക്കൂര നിർമ്മാണം
9	107/21	പുത്തൻ വിള ഇടവഴി റീകോൺക്രീറ്റിംഗ്
10	168/21	റിവാർഡ് തുക ഉപയോഗിച്ച് മാങ്കുഴി മാർക്കറ്റിലെ കെട്ടിട നിർമ്മാണം
11	42/21	തോപ്പിൽ ലക്ഷം വീട് കോളനി റോഡ് പുനരുദ്ധാരണം
12	105/21	തോപ്പിൽ കുളം മുതൽ കണ്ണൻചിരട്ട വരെ കോൺക്രീറ്റിംഗ്
13	194/21	അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ
14	150/21	പുളിവിളാകം എൽപിബിഎസിൽ സ്കൂൾ കെട്ടിടത്തിന് മുകളിൽ ഷീറ്റ്, കോണിപ്പടി എന്നിവ സ്ഥാപിക്കുക
15	196/21	മുത്രായ്ക്ക മണക്കാട് കൊച്ചുമണക്കാട് ഇടവഴി റോഡ് കോൺക്രീറ്റിംഗ്
16	195/21	പ്ലാസ്റ്റിക് സംഭരണകേന്ദ്രം നവീകരിക്കൽ
17	204/21	പുളിമൂട് ലക്ഷം വീട് കോളനിയിലെ കിണർ അറ്റകുറ്റപ്പണി
18	154/21	ആയൂർവേദ ആശുപത്രിക്ക് റാക്ക് നിർമ്മാണം
19	201/21	വാറുവിളാകം പക്കിയന്റ വിള ഇടവഴി ഇന്റർലോക്കിംഗ്
20	63/21	ആങ്ങാവിള കോതക്കുളം റോഡ് ഓട നിർമ്മാണം
21	153/21	ജൈവ മാലിന്യ സംസ്കരണത്തിനായി വാർഡുകളിൽ മിനി എംസിഎഫ് സ്ഥാപിക്കൽ
22	208/21	വക്കം ഗവൺമെന്റ് എൽപിഎസിൽ ടോയ്ലറ്റ് നിർമ്മാണം
23	165/21	വക്കം ഗവൺമെന്റ് എൽപിഎസിൽ അടുക്കള, മൂത്രപ്പുര നിർമ്മാണം
24	203/21	പഞ്ചാത്ത് ഓഫീസ് അറ്റകുറ്റപ്പണികൾ

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകൃയറിക്ക് (30/17.03.2022) നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ പ്രദേശവാസികളുടെയും ജനപ്രതിനിധികളുടെയും ആവശ്യപ്രകാരമാണ് മാറ്റിയിട്ടുള്ളത് എന്നും കായലിനോട് ചേർന്ന തീരദേശ പ്രദേശമായതിനാൽ മണ്ണിന്റെ

ഘടന വളരെ മോശമാണ് എന്നും അതുകൊണ്ട് എത്തുന്നതുവരെ കുഴിച്ചിട്ട് മാത്രമേ ഫൌണ്ടേഷൻ കൊടുക്കുവാൻ പറ്റുകയുള്ളുവെന്നും അതു കൊണ്ടാണ് 99/21, 86/21, 105/21, 208/21, 165/21 എന്നീ പ്രോജക്ടുകളിൽ മാറ്റം വരുത്തേണ്ടി വന്നതെന്നും അറിയിച്ചു.

ഭാവിയിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലസന്ദർശനം നടത്തി പ്രദേശവാസികളെയും ജനപ്രതിനിധികളെയും അഭിപ്രായം ആരാഞ്ഞ് അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതും എസ്റ്റിമേറ്റ് പുതുക്കൽ കഴിവതും ഒഴിവാക്കേണ്ടതുമാണ്.

1-32 ഓഡിറ്റ് ഇംപാക്ട്-ടെണ്ടർ കിഴിവ് തുക ബില്ലിൽ നിന്നും കുറവു ചെയ്തില്ല. ഓഡിറ്റ് നിർദ്ദേശാനുസരണം തുക ഒടുക്കു വരുത്തി.

1)

പ്രോജക്ട് നമ്പർ	60/21
പ്രോജക്ടിന്റെ പേര്	ലക്ഷ്മി നട പണ്ടാരക്കുടി റോഡ് നവീകരണം
ഫണ്ടിനം	മെയിന്റനൻസ്-റോഡ്
അടങ്കൽ (2020-21)	484000
ചെലവ്	482728
ബിൽ നം, തീയതി, തുക	218/20.02.2021, 482728-ACR പ്രകാരം
എം. ബുക്ക് നമ്പർ	203/20-21
കരാറുകാരൻ	ശ്രീ.ബിനീഷ് ചന്ദ്രൻ
പ്രവൃത്തി മൂല്യം	254847
കരാർ നമ്പർ	12/AE/LSGD/VKM/20-21 Dt.1109.2020

പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ സമർപ്പിച്ചിരുന്നതിൽ എറ്റവും കുറവു തുക കാട്ടി ചെയ്ത ശ്രീ.ബിനീഷ് ചന്ദ്രനാണ് (ബിലോ 0.1%) പ്രവൃത്തി അനുവദിച്ചു നൽകിയത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യമായ 431007/-രൂപയിൽ നിന്നും ടെണ്ടർ കിഴിവ് തുക കുറവു ചെയ്തിരുന്നില്ല. ഈയിനത്തിൽ 431 (431007*.1%) രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻകൃയറി (11/09.03.22) നൽകിയതിനെ തുടർന്ന് 18.03.22 ലെ ചലാൻ നം. KL026446204202122M പ്രകാരം രൂപ കടയ്ക്കാവൂർ ട്രഷറിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒടുക്കു വരുത്തി.

2)

പ്രോജക്ട് നം.	98/21
പ്രോജക്ടിന്റെ പേര്	കായൽവാരം ചുടുകട്ട ഫാക്ടറി റോഡ് കോൺക്രീറ്റിംഗ്
ഫണ്ടിനം	മെയിന്റനൻസ്-റോഡ്
അടങ്കൽ (2020-21)	251180
ചെലവ്	251180
ബിൽ നം, തീയതി ,തുക	18/11.04.2020, 251180 - ACR പ്രകാരം
എം. ബുക്ക് നമ്പർ	229/19-20
കരാറുകാരൻ	ശ്രീ.ബിനീഷ് ചന്ദ്രൻ
പ്രവൃത്തി മൂല്യം	254847

കരാർ നം	26/AE/LSGD/VKM/19-20 Dt.08.02.19

പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ സമർപ്പിച്ചിരുന്നതിൽ എറ്റവും കുറവു തുക കാട്ടി ചെയ്ത ശ്രീ.ബിനീഷ് ചന്ദ്രനാണ് (ബിലോ 16.2%) പ്രവൃത്തി അനുവദിച്ചു നൽകിയത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തയ്യറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യമായ 254847/-രൂപയിൽ നിന്നും ടെണ്ടർ ബിലോ തുക കുറവു ചെയ്തതായി കാണുന്നില്ല. ഈയിനത്തിൽ 41285/- (254847*16.2%) രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻകയറി (08/09.03.22) നൽകിയതിനെ തുടർന്ന് 18.03.22-ലെ ചലാൻ നം. KL026446598202122M പ്രകാരം 41285/- രൂപ കടയ്ക്കാവൂർ ട്രഷറിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ട്രഷറിയിൽ ഒടുക്കു വരുത്തി.

ഓഡിറ്റ് നിർദ്ദേശാനുസരണം ആകെ 41716/- (41285+431) രൂപ നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ഒടുക്കുവരുത്തി.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

വിഹിതം നൽകിയത്	പ്രൊജക്ടിന്റെ പേര്	ലഭിച്ച തുക	ചെലവ്	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത് വിഹിതം	97 ഹരിത ഭവനം	182000	0	182000
	114 ഹരിതതഭവനം	70000	70000	0
	14 ലൈഫ് ഭവന നിർമ്മാണം (ജനറൽ)	1400000	0	1400000
	15 ലൈഫ് ഭവന നിർമ്മാണം (എസ് സി)	1000000	0	1000000
	27 ന്യൂ ലൈഫ് ലക്ഷം വീട് നവീകരണം (ജനറൽ)	80000	80000	0
	28 ന്യൂ ലൈഫ് ലക്ഷ്യം വീട് നവീകരണം (എസ് സി)	800000	720000	80000
	159 ലൈഫ് ഭവന നിർമ്മാണം (എസ് സി)	186267	186267	0
	37 സ്നേഹസ്പർശം	213750	0	213750
	126 ക്ഷീര സമൃദ്ധി വനിത	45000	45000	0
	127ക്ഷീര സമൃദ്ധി ജനറൽ	53000	53000	0
	84 പാഥേയം	216000	0	216000
	118 വിശപ്പ് രഹിത കേരളം	10000	0	10000
	202 സമഗ്ര കോളനി വികസനം	60000	0	60000
ആകെ		**4316017**	**1154267**	**3161750**
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	161 ലൈഫ് ഭവനം ടോയ് ലറ്റ് നിർമ്മാണം	168000	132000	36000
	190 ബയോകമ്പോസ്റ്റ് ബിൻ സ്ഥാപിക്കൽ	232620	0	232620
	14 ലൈഫ് ഭവന നിർമ്മാണം (ജനറൽ)	500000	160000	340000

15 ലൈഫ് ഭവന നിർമ്മാണം (എസ് സി)	500000	0	500000
27 ന്യൂ ലൈഫ് ലക്ഷം വീട് നവീകരണം (ജനറൽ)	40000	0	40000
28 ന്യൂ ലൈഫ് ലക്ഷം വീട് നവീകരണം (എസ് സി)	400000	360000	40000
158 ലൈഫ് ഭവന നിർമ്മാണം (ജനറൽ)	496902	149568	347334
159 ലൈഫ് ഭവന നിർമ്മാണം (എസ് സി)	112000	112000	0
37 സ്നേഹസ്പർശം	213750	212625	1125
202 സമഗ്ര കോളനി വികസനം	30000	0	30000
126 ക്ഷീര സമൃദ്ധി വനിത	83000	83000	0
118 വിശപ്പ് രഹിത കേരളം	20000	0	20000
127ക്ഷീര സമൃദ്ധി ജനറൽ	133000	0	133000
ആകെ	**2929272**	**1209193**	**1720079**

മേൽ വിവരങ്ങൾ സുലേഖ ചെലവ് പത്രിക പ്രകാരമുള്ളതാണ്. നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	വർഷം	ചെലവഴിച്ച തുക	ബാലൻസ് തുക
ANERT	Solar Power System In Panchayat	1190000	2019-20	0	1190000
KWA	Pipe Line Extension	1868950	2019-20	953518	915432
			2020-21	0	
KSEB	Street Main Extension	1018315	2019-20	0	1018315
			2020-21		

മേൽ വിവരങ്ങൾ സുലേഖ ചെലവ് പത്രിക പ്രകാരമുള്ളതാണ്. നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം.

വായ്പയുടെ പേര്/ ഉദ്ദ്യേശ്യം	ഉത്തരവ് നം./ തീയതി	വായ്പാ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് ഭവന പദ്ധതി	G.O. (MS)68/18 തീയതി 18.05.18	5020000	4681766	571020	4361279

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് നിക്കവറി

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഓഡിറ്റ് ഖണ്ഡിക	സമാഹൃത ഓഡിറ്റ് വർഷം	സമാഹൃത ഓഡിറ്റ് ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2003-04	3.3	2006-07	3.5.1	റെയിൽവേ ഗേറ്റ് മെയിന്റനൻസ്	ഗ്രാന്റായി ലഭിച്ച തുക

					അടവാക്കിയിട്ടുണ്ട്
2004-05	3.13	2007-08	3.3.1	ഉപയോഗശൂന്യമായ ടിപ്പർ ലോറിയുമായി ബന്ധപ്പെട്ട്	ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	34,98,679
ഓഡിറ്റ് വർഷത്തെ വരവ്	5,96,39,622
ആകെ	6,31,38,301
ഓഡിറ്റ് വർഷത്തെ ചെലവ്	5,83,55,907
നീക്കിയിരിപ്പ്	47,82,394
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3,54,000

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	2,10,000	ഡോ. സിജു.എൻ.എസ്, മെഡിക്കൽ ഓഫീസർ, ആർ.എച്ച്.സി.
1-28	1,44,000	ശ്രീമതി ശാന്തി.എൻ, അസി. സെക്രട്ടറി
ആകെ	**3,54,000**	

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

ക്രമ നം.	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം)	സ്ഥിരംമേൽവിലാസം
1	ഡോ.സിജു.എൻ.എസ്	അസി.പ്രൊഫസർ, മെഡിക്കൽ കോളേജ്, തിരുവന്തപുരം	രേവതി, മണമ്പൂർ പി.ഒ, ആറ്റിങ്ങൽ
2	ശ്രീമതി ശാന്തി.എൻ.	അസി. സെക്രട്ടറി, വക്കം ഗ്രാമപഞ്ചായത്ത്	അനൂപ് നിവാസ്, കടയ്ക്കാവൂർ.പി.ഒ.

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ

		എണ്ണം
2004-05	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 858/2000, തീയതി 04.06.2018	03
2005-06	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 858/2018, തീയതി04.06.2018	05
2006-07	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 858/2018, തീയതി 04.06.2018	07
2007-08	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 858/2018, തീയതി 04.06.2018	03
2009-10	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 858/2018, തീയതി 04.06.2018	01
2010-11	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 858/2018, തീയതി 04.06.2018	03
2011-12	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 858/2018, തീയതി 04.06.2018	02
2013-14	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 858/2018 തീയതി 04.06.2018	01
2014-15	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 858/2018, തീയതി 04.06.2018	05
2015-16	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 2005/2016 തീയതി 23.11.2016	08
2016-17	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/ 1166/2017, തീയതി 03.07.2017	13
2017-18	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/497/2019 തീയതി 07.09.2019	34
2018-19	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/335/2020 തീയതി 23.01.2021	29
2019-20	കെ.എസ്.എ.റ്റി.വി.എം/ജി.പി.8/17527/2021 തീയതി 08.02.2022	39

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്